**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1256** **03-02-2026 - ൽ മറുപടിയ്ക്ക്**

**താമരശ്ശേരിചുരത്തിന് ബദലായുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വാഹനസാന്ദ്രത വർദ്ധനവും വികസന സാധ്യതകൾ പരിമിതവുമായ താമരശ്ശേരി ചുരത്തിന് ബദലായി വിഭാവനം ചെയ്യുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ആയതിന്റെ വിശദാംശവും ലഭ്യമാക്കുമോ; | (എ) | വാഹന സാന്ദ്രത വർദ്ധനവും വികസന സാധ്യതകൾ പരിമിതവുമായ താമരശ്ശേരി ചുരത്തിന് ബദലായി ആനക്കാംപൊയിൽ കള്ളാടി മേപ്പാടി തുരങ്കനിർമ്മാണപാത, പൂഴിത്തോട് പടിഞ്ഞാറത്തറ റോഡ് പ്രവൃത്തി, ചിപ്പിലിത്തോട്-മരുതിലാവ്-തളിപ്പുഴ റോഡ് പ്രവൃത്തി എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br><br>**ആനക്കാംപൊയിൽ കള്ളാടി മേപ്പാടി തുരങ്കനിർമ്മാണപാത**<br><br>താമരശ്ശേരി ചുരത്തിനു ബദലായി വിഭാവനം ചെയ്യപ്പെട്ട പദ്ധതികളിലൊന്നായ ആനക്കാം പൊയിൽ - കള്ളാടി - മേപ്പാടി തുരങ്കപാത ബജറ്റ് കിഫ്ബി പദ്ധതിയായാണ് നടപ്പിലാക്കുന്നത്. പദ്ധതിക്കായി 2134.50 കോടി രൂപയുടെ ധനാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. 8.11 കിലോമീറ്റർ നീളത്തിൽ നാലുവരി ഇരട്ട തുരങ്കപാതയും, ഇരുവശത്തുമായി 625 മീറ്റർ നീളത്തിൽ അപ്രോച്ച് റോഡും ചേർന്ന് 8.735 കിലോമീറ്ററാണ് നിർദ്ദിഷ്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് ആണ് പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസി. അന്താരാഷ്ട്ര നിലവാരത്തിലുള്ള സുരക്ഷാ സംവിധാനങ്ങൾ, വെന്റിലേഷൻ, ലൈറ്റിംഗ്, അഗ്നി സുരക്ഷാ സംവിധാനങ്ങൾ മുതലായ സൗകര്യങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. തുരങ്കപാതയോട് അനുബന്ധിച്ച് സമീപ റോഡുകളും മറ്റ് അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കും. പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് ടെൻഡർ നടപടിക്രമം പാലിച്ച് 2 പാക്കേജുകളായിട്ടാണ് വർക്ക് ഓർഡർ നൽകിയിട്ടുള്ളത്. കി.മീ 0/000 മുതൽ 0/460 | 

| | | | |
|---|---|---|---|
| | | | വരെയുള്ള ഭാഗം ആദ്യ പാക്കേജ് ആയും, കി.മീ 0/460 മുതൽ 8/735 വരെയുള്ള ഭാഗം രണ്ടാമത്തെ പാക്കേജ് ആയുമാണ് കരാർ നൽകിയിട്ടുള്ളത്. പദ്ധതി നിർവ്വഹണ ഏജൻസി ലഭ്യമാക്കിയ വിവരങ്ങൾ അനുസരിച്ച് ആദ്യ പാക്കേജിൽ ഉൾപ്പെട്ട 2 പ്രധാന പാലങ്ങളുടെ നിർമ്മാണത്തിനായുള്ള പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. രണ്ടാമത്തെ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള ടണൽ നിർമ്മാണത്തിന്റെ ഭാഗമായി ഇരു വശത്തും (വയനാട്, കോഴിക്കോട്) മണ്ണുമാറ്റൽ (ഉദ്ഘനനം) പ്രവൃത്തികളും പുരോഗമിച്ചു വരികയാണ്. പദ്ധതിക്കായുള്ള ക്രഷർ പ്ലാന്റുകളുടെ പ്രവൃത്തിയും രണ്ടു ഭാഗത്തും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വയനാട് ഭാഗത്തെ പ്രവൃത്തിയുടെ ഗുണനിലവാര പരിശോധനാ ലാബിന്റെ നിർമ്മാണവും, 400 തൊഴിലാളികൾക്കുള്ള താമസ സൗകര്യവും പൂർത്തീകരിക്കുകയും ബാച്ചിംഗ് പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു വരുകയും ചെയ്യുന്നു. കൂടാതെ കോഴിക്കോട് ഭാഗത്തെ ബാച്ചിംഗ് പ്ലാന്റ്, ഗുണ നിലവാര പരിശോധനാ ലാബ്, 350 തൊഴിലാളികൾക്കുള്ള താമസസൗകര്യം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. നിലവിലെ ഷെഡ്യൂൾ അനുസരിച്ച് ഫെബ്രുവരിയോട് കൂടി തുരങ്കത്തിനായുള്ള പാറ തുരക്കൽ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>**<u>പൂഴിത്തോട് പടിഞ്ഞാറത്തറ റോഡ് പ്രവൃത്തി</u>**<br><br>പൂഴിത്തോട് പടിഞ്ഞാറത്തറ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 150 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ഏറ്റെടുക്കുകയും 05/08/2024 ന് സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ഭാഗമായി കോഴിക്കോട്, വയനാട് ജില്ലകളിൽ വനത്തിനുള്ളിൽ Drone cum Lidar സർവ്വേയും വനേതര പ്രദേശത്ത് GPS സർവ്വേ, സോയിൽ ടെസ്റ്റിംഗ് എന്നിവയും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ചിപ്പിലിത്തോട്-മരുതിലാവ്-തളിപ്പുഴ റോഡിന്റെ സാധ്യതാ പഠനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ബി) | ദേശീയപാത 766 നാലുവരി പാതയാക്കുന്നതിനുള്ള സാധ്യത പഠനത്തിനുള്ള പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ MORTH റീജിയണൽ ഓഫീസർ, തിരുവനന്തപുരം കാര്യാലയത്തിന്റെ കീഴിൽ പുരോഗമിച്ചു വരുന്നു. താമരശ്ശേരി ചുരത്തിനു ബദൽ പാതയായി വിഭാവനം ചെയ്തിട്ടുള്ള റോഡിന്റെ സാധ്യത പഠനവും മേൽ പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ